**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 315** **05-12-2022 - ൽ മറുപടിയ്ക്ക്**

**എ.എ.വൈ കാർഡ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ സംവരണ വിഭാഗത്തിലുള്ള റേഷൻ കാർഡുകൾ എ.എ.വൈ. വിഭാഗത്തിലേക്ക് മാറ്റുന്നതിനുള്ള എത്ര അപേക്ഷകൾ നിലവിലുണ്ടെന്നറിയിക്കുമോ; | (എ) | നിലവിൽ അപേക്ഷകൾ ഇല്ല. |
| (ബി) | എ.എ.വൈ. കാർഡ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കാമോ? | (ബി) | കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായാണ് എ.എ.വൈ വിഭാഗത്തെ കണ്ടെത്തുന്നത്. ആയതിലേക്ക് സംസ്ഥാനം പ്രത്യേകം മാനദണ്ഡം നിശ്ചയിച്ചിട്ടില്ല. താഴെപ്പറയുന്ന മാനദണ്ഡപ്രകാരമാണ് എ.എ.വൈ ഗുണഭോക്താക്കളെ കണ്ടെത്തുന്നത്.<br><br>1) സാമൂഹ്യമോ, കുടുംബപരമോ ആയി സഹായമില്ലാത്ത വിധവകളോ, വാർദ്ധക്യാധിക്യ രോഗ ബാധിതരോ, അംഗവൈകല്യമുള്ളവരോ, 60 വയസ്സോ മുകളിലോ പ്രായമുള്ളവരോ നാഥ/നാഥനായിട്ടുള്ള കുടുംബങ്ങൾ, ഏകയായ സ്ത്രീയോ പുരുഷനോ.<br><br>2) എല്ലാ പ്രാക്തന (പ്രാചീന) ഗോത്ര വർഗ്ഗ കുടുംബങ്ങളും.<br><br>ഇത് കൂടാതെ കുഷ്ഠരോഗ ബാധിതർ, എയ്ഡ്സ് ബാധിതർ, വിട്ടുമാറാത്തതും മാരകവുമായ രോഗങ്ങൾക്ക് അടിമപ്പെട്ടവർ, ക്യാൻസർ ബാധിച്ച് പാലിയേറ്റീവ് ക്ലിനിക്കുകളിലെ പരിചരണത്തിലുള്ളവർ, നിരന്തര ചികിത്സയ്ക്ക് വിധേയരാകേണ്ടി വന്നതുമൂലം നിർദ്ധനരായവർ, പരാശ്രയമില്ലാത്ത വൃദ്ധ ദമ്പതികൾ, കുടുംബനാഥന്റെ ആകസ്മിക മരണം മൂലം അനാഥരാകുന്നവർ, മറ്റാരിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കാതെ പ്രതികൂല ചുറ്റുപാടിൽ കഴിയുന്നവർ എന്നിവരെ കൂടി എ.എ.വൈ പദ്ധതിയിൽ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ